നം.എ1-21876/2018

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം.
തീയതി, 31/08/2018.

## സർക്കുലർ

വിഷയം:- ജലസേചനം-ജീവനക്കാര്യം- സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥർ വിടുതൽ ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടു-വിക്കുന്നു.

സൂചന:- 1) സ.ഉ.നം.621/2018/ഡബ്ല്യു.ആർ.ഡി. തീയതി 23/08/2018.
2) സ.ഉ.നം.629/2018/ഡബ്ല്യു.ആർ.ഡി. തീയതി 30/08/2018.

. . . . . .

ജലസേചന വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനു സഹായകമായ വിധത്തിൽ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾപ്പെടെയുള്ള തസ്തികകളിൽ ഉണ്ടായ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനും അനുയോജ്യമായ വിധത്തിൽ ഉദ്യോഗസ്ഥരെ വിന്യസിക്കുന്നതിനും വേണ്ടി സ്ഥാനക്കയറ്റം/സ്ഥലംമാറ്റം എന്നിവ നടത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥർ, പ്രത്യേകിച്ചും എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലുള്ളവർ വിടുതൽ ചെയ്യുന്നതിനുമുൻപ്, അടുത്തകാലത്തുണ്ടായ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടത്തിന്റെയും ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും നടത്തേണ്ട പുനർ നിർമ്മാണ പ്രവർത്തനങ്ങളുടേയും സമഗ്രമായ റിപ്പോർട്ട് മേലധികാരിക്ക് നൽകേണ്ടതും ആയത് പരിശോധിച്ച് തൃപ്തികരമാണെന്ന് മേലധികാരി ഉറപ്പുവരുത്തേണ്ടതുമാണ്. അതിനുശേഷം ചീഫ് എഞ്ചിനീയറുടെ അംഗീകാരത്തിനു വിധേയമായി മാത്രമേ ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകുന്നു. എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഈ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുടർ അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ.

ചീഫ് എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (വെബ് സൈറ്റ് മുഖേന)

ആർ.എം.